ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 18.09.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ജമ്മുകശ്മീരിൽ ആദ്യഘട്ട നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണി വരെ 26.72 ശതമാനം പോളിങ്.

   **In Jammu and Kashmir, voting for the first phase of Assembly Elections is underway at 24 constituencies in seven districts today. 26.72 per cent voter turnout was recorded till 11:00 AM.**

2. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ രാജസ്ഥാൻ, മധ്യപ്രദേശ്, ജാർഖണ്ഡ് സന്ദർശനത്തിന് തുടക്കമായി. ജയ്പൂരിലെ മാളവ്യ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 18-ാമത് ബിരുദദാന ചടങ്ങിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യു.

   **President Droupadi Murmu began a three state visit to Rajasthan, Madhya Pradesh and Jharkhand. She attended the convocation of Malaviya National Institute of Technology (MNIT) in Jaipur today.**

3. എല്ലാവർക്കും സാമ്പത്തിക സുരക്ഷിതത്വം എന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന എൻപിഎസ് വാത്സല്യ പദ്ധതിക്ക് ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് തുടക്കം കുറിക്കും.

   **Finance Minister Nirmala Sitharaman will launch the NPS Vatsalya scheme as part of the central policy of financial security for all today.**

4. പൊതു വിപണിയിൽ ഭക്ഷ്യ എണ്ണയുടെ വില വർദ്ധന തടയാൻ കേന്ദ്ര സർക്കാർ ഇടപെടൽ. ഇറക്കുമതി ചെയ്യ എണ്ണയുടെ ശേഖരം തീരുന്നത് വരെ നിലവിലെ വില തുടരാനാൻ എണ്ണ ഉത്പാദക കമ്പനികൾക്ക് നിർദേശം.

**Centre advises edible oil associations to not hike prices till availability of existing stocks imported at lower customs duty.**

5. കേരളത്തിൽ ഓണാഘോഷങ്ങൾക്ക് സമാപനം കുറിച്ച് തൃശൂരിൽ ഇന്ന് പുലികളി നടക്കും. ആറന്മുള ഉതൃട്ടാതി ജലോത്സവം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും.

**Pulikali will be held in Thrissur today to conclude the Onam celebrations in Kerala. Union Minister of State George Kurien will inaugurate the Aranmula Uthrithathi Jalolsavam shortly.**

&&&&&&&&&&&&&&&&

# HEADLINE – 1
## JAMMU KASHMIR ELECTION

ജമ്മുകശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിലെ ആദ്യഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണി വരെ 26.72 ശതമാനം പോളിങ് രേഖപ്പെടുത്തി. 24 നിയമസഭാ മണ്ഡലങ്ങളിലായി 219 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. രണ്ടാംഘട്ട വോട്ടെടുപ്പ് ഈ മാസം 25നും മൂന്നാമത്തെതും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് അടുത്തമാസം ഒന്നിനും നടക്കും. ഒക്ടോബർ എട്ടിനാണ് വോട്ടെണ്ണൽ. 2019 - ൽ ജമ്മുകശ്മീരിൽ അനുച്ഛേദം 370 റദ്ദാക്കിയ ശേഷമുള്ള ആദ്യ നിയമസഭാ തിരഞ്ഞെടുപ്പാണിത്. ജനാധിപത്യം ഊട്ടിയുറപ്പിക്കാനും, സമ്മതിദാന അവകാശം ശരിയായി വിനിയോഗിക്കാനും പ്രധാനമന്ത്രി നരേന്ദ്രമോദി സംസ്ഥാനത്തെ വോട്ടർമാരോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&

# HEADLINE – 2
## PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ രാജസ്ഥാൻ, മധ്യപ്രദേശ്, ജാർഖണ്ഡ് സന്ദർശനത്തിന് തുടക്കമായി. രാജസ്ഥാനിലെ ജയ്പൂരിൽ എത്തിയ രാഷ്ട്രപതിയെ ഗവർണർ ഹരിബാവു കിസാൻ റാവു ബാഗ്ദേയും മുഖ്യമന്ത്രി ഭജൻലാൽ ശർമ്മയും ചേർന്ന് സ്വീകരിച്ചു. മാളവ്യ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 18-ാമത് ബിരുദദാന ചടങ്ങിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യു.

&&&&&&&&&&&&&&&&

## VP-GUJARAT

ഗാന്ധിനഗറിൽ നടക്കുന്ന റി- ഇൻവെസ്റ്റ് മീറ്റിൻ്റെ നാലാം പതിപ്പിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഗുജറാത്തിൽ എത്തി. ഗവർണ്ണർ ആചാര്യ ദേവവ്രത്, മുഖ്യമന്ത്രി ഭുപേന്ദ്ര പട്ടേൽ എന്നിവർ ചേർന്ന് അഹമ്മദാബാദ് വിമാനത്താവളത്തിൽ ഉപരാഷ്ട്രപതിയെ സ്വീകരിച്ചു. അടുത്ത ആറു വർഷത്തിനുള്ളിൽ സംസ്ഥാന സർക്കാരുകളും സ്വകാര്യ നിർമ്മാതാക്കളും ഉൾപ്പെടെയുള്ള പങ്കാളികൾ 32.45 ലക്ഷം കോടി രൂപയുടെ പുനരുപയോഗ ഊർജ പദ്ധതികളിൽ നിക്ഷേപം നടത്തുമെന്ന് ഉറപ്പ് നൽകിയതായി കേന്ദ്രമന്ത്രി പ്രഹ്ലാദ് ജോഷി അറിയിച്ചു.

&&&&&&&&&&&&&&&&

## JK: WITHDRAW NOMINATION

ജമ്മുകശ്മീരിൽ മൂന്നാം ഘട്ടത്തിൽ മത്സരിക്കാനിരുന്ന 34 സ്ഥാനാർത്ഥികൾ നാമനിർദേശ പത്രിക പിൻവലിച്ചു. ഇതോടെ 40 നിയമസഭാ മണ്ഡലങ്ങളിൽ നിന്നായി ആകെ 415 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്.

&&&&&&&&&&&&&&&&&

## HARYANA- ELECTION

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരരംഗത്തുള്ളത് 1031 സ്ഥാനാർത്ഥികൾ. ഇതിൽ 101 പേർ വനിതകളാണ്. 462 സ്ഥാനാർത്ഥികൾ സ്വതന്ത്രരായി മത്സരിക്കുന്നുണ്ടെന്നും ഹരിയാന ചീഫ് ഇലക്ടറൽ ഓഫീസർ പങ്കജ് അഗർവാൾ അറിയിച്ചു. അടുത്ത മാസം അഞ്ചിന് വോട്ടെടുപ്പ് നടക്കുന്ന ഹരിയാനയിൽ പ്രചാരണം ഉച്ചസ്ഥായിയിലാണ്.

&&&&&&&&&&&&&&&&&

## HEADLINE – 3
## VATSALYA SCHEME

എല്ലാവർക്കും സാമ്പത്തിക സുരക്ഷിതത്വം എന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി എൻപിഎസ് വാത്സല്യ പദ്ധതിക്ക് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. പദ്ധതിയിലൂടെ രക്ഷിതാക്കൾക്ക് കുട്ടികളുടെ പേരിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അക്കൗണ്ട് എടുക്കാനും, കുട്ടികളുടെ ഭാവിക്കായി നിക്ഷേപം ഉറപ്പാക്കാനും സാധിക്കും. പ്രതിവർഷം 1,000 രൂപ മുതൽ കുട്ടിയുടെ പേരിൽ നിക്ഷേപിക്കാവുന്നതാണ്. ഉദ്ഘാടനത്തോട് അനുബന്ധിച്ച് രാജ്യത്തുടനീളമുള്ള 75 ഓളം സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്രദേശത്തെ പ്രായപൂർത്തിയാകാത്ത വരിക്കാർക്ക് PRAN അംഗത്വം വിതരണം ചെയ്യും.

&&&&&&&&&&&&&&&&&

## HEADLINE – 4
## CENTRE- EDIBLE OIL

പൊതു വിപണിയിൽ ഭക്ഷ്യ എണ്ണയുടെ വില വർദ്ധന തടയാൻ കേന്ദ്ര സർക്കാർ ഇടപെടൽ. ഇറക്കുമതി ചെയ്ത എണ്ണയുടെ ശേഖരം തീരുന്നത് വരെ നിലവിലെ വില തുടരാനാൻ എണ്ണ ഉത്പാദക കമ്പനികൾക്ക് സർക്കാർ നിർദേശം നൽകി. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സെക്രട്ടറി സഞ്ജീവ് ചോപ്രയുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ എണ്ണ ഉൽപാദക സംഘടനാ പ്രതിനിധികളുമായി നടത്തിയ വിലനിർണ്ണയ ചർച്ചയിലാണ് തീരുമാനം. അടുത്തിടെയാണ് ആഭ്യന്തര എണ്ണക്കുരു വിലയെ പിന്തുണയ്ക്കുന്നതിനായി ഭക്ഷ്യ എണ്ണകളുടെ അടിസ്ഥാന കസ്റ്റംസ് തീരുവ സർക്കാർ 20 ശതമാനമായി വർദ്ധിപ്പിച്ചത്.

&&&&&&&&&&&&&&&&

## PM US VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് ഈ മാസം 21 ന് തുടക്കമാകും. ക്വാഡ് നേതാക്കളുടെ നാലാമത് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഈ മാസം 23-ന് ന്യൂയോർക്കിൽ യുഎൻ പൊതുസഭയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. അടുത്ത വർഷം നടക്കുന്ന അടുത്ത ക്വാഡ് ഉച്ചകോടിക്ക് ഇന്ത്യയാണ് ആതിഥേയത്വം വഹിക്കുക.

&&&&&&&&&&&&&&&&

# AP-CM-RELIEF PACKAGE - INTRO

അന്ധ്രാപ്രദേശിലെ വിജയവാഡയിൽ കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡു സമഗ്രമായ ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ചു. ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കുമെന്നും കേടുവന്ന വീട്ടുപകരണങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്ത് നൽകുമെന്നുമാണ് പ്രഖ്യാപനം.

**വിശദാംശങ്ങളിലേക്ക്...........**

(വോയ്സ്)

*വിജയവാഡയിലെ 32 വാർഡുകളിലെ വെള്ളപ്പൊക്ക ദുരിതബാധിതർക്കാണ് സഹായം ലഭിക്കുക. പ്രളയബാധിത മേഖലകളിലെ വീടുകളിൽ താഴത്തെ നിലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഓരോ വീടിനും 25,000 രൂപ വീതം സഹായധനം അനുവദിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. കൂടാതെ, മുകളിലത്തെ നിലകളിൽ താമസിക്കുന്നവർക്ക് 10,000 രൂപ ധനസഹായവും ലഭ്യമാക്കും. മറ്റ് ദുരിതബാധിത പ്രദേശങ്ങളിലുള്ളവർക്കും 10,000 രൂപ നൽകും. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറുകിട കച്ചവടക്കാർക്ക് 25,000 രൂപ അനുവദിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതേസമയം, പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം കച്ചവടക്കാർക്ക് വിറ്റുവരവ് അനുസരിച്ചുള്ള ധനസഹായം നൽകും. വാഹന ഇൻഷുറൻസ് ക്ലെയിമുകൾക്കും ആന്ധ്രാ സർക്കാർ സഹായം പ്രഖ്യാപിച്ചിട്ടുണ്ട്.*

***ന്യൂസ് ഡെസ്ക്, ആകാശവാണി.........***

&&&&&&&&&&&&&&&&&

## HEADLINE – 5
## PULIKALI

ഇന്ന് ചരിത പ്രസിദ്ധമായ തൃശൂർ പുലികളി. ഓണാഘോഷത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് ഇന്ന് വൈകുന്നേരം ശക്തന്റെ തട്ടകത്തിൽ വരയൻ പുലികളും പുള്ളി പുലികളും കരിമ്പുലിയും അരങ്ങ് വാഴും. പുലിവേഷം കെട്ടുന്ന കലാകാരന്മാർ പുലിമടകളിൽ എത്തി ദേഹത്ത് ചായമിട്ടു തുടങ്ങി.

&&&&&&&&&&&&&&&&

## HEADLINE – 5 (A)
## BOATRACE

ആറന്മുളയിൽ ഇന്ന് ആവേശ ജലപൂരം. ചരിത്രപ്രസിദ്ധമായ ഉതൃട്ടാതി ജലോത്സവത്തിൻറെ ഉദ്ഘാടനം അല്പസമയത്തിനകം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കും. മത്സരവള്ളം കളിയുടെ ഉദ്ഘാടനം ഉച്ചയ്ക്കുശംഷം മന്ത്രി മുഹമ്മദ് റിയാസ് നിർവഹിക്കും.

&&&&&&&&&&&&&&&&

## INDIA-US INTER-SESSIONAL MEETING

പ്രതിരോധം, സാങ്കേതികവിദ്യ, ബഹിരാകാശ സഹകരണം, ശുദ്ധ ഊർജം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിന്റെ പുരോഗതി അവലോകനം ചെയ്ത് ഇന്ത്യയും അമേരിക്കയും. ന്യൂഡൽഹിയിൽ നടന്ന ഉഭയകക്ഷി 2+2 ഇന്റർ സെഷനൽ യോഗത്തിലാണ് ഇരുരാജ്യങ്ങളും പുരോഗതി വിലയിരുത്തിയത്. ഇന്ത്യ-യുഎസ് സമഗ്ര ആഗോള തന്ത്രപര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള അടുത്ത 2+2 മന്ത്രിതല സംഭാഷണത്തിന് മുന്നോടിയായാണ് യോഗം ചേർന്നത്.

&&&&&&&&&&&&&&&&

## INTERNATIONAL EQUAL PAY DAY

ഇന്ന് അന്താരാഷ്ട്ര തുല്യവേതന ദിനം. ലിംഗ വ്യത്യാസമില്ലാതെ ഒരേ വേതനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ സെപ്റ്റംബർ 18 ന് ദിനാചരണം സംഘടിപ്പിക്കുന്നത്. ക്രിക്കറ്റ് ലോകകപ്പുകളിൽ പുരുഷ – വനിതാ ടീമുകൾക്ക് ഒരേ സമ്മാനത്തുക നൽകുമെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. ഈ വർഷത്തെ വനിത ട്വന്റി 20 ലോകകപ്പ് മുതൽ ഇത് നടപ്പാക്കും.

&&&&&&&&&&&&&&&&

## TEST CRICKET

ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയ്ക്ക് നാളെ ചെന്നൈയിൽ തുടക്കമാകും. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമാണ് ഈ പരമ്പര. രോഹിത് ശർമ്മ നയിക്കുന്ന ഇന്ത്യൻ നിരയിൽ വിരാട് കോഹ് ലി, ആർ അശ്വിൻ, ജസ്പ്രീത് ബുമ്ര, കെ എൽ രാഹുൽ എന്നിവരും ഉൾപ്പെടുന്നു. കാൺപൂരിൽ 27 നാണ് രണ്ടാം ടെസ്റ്റ്.

&&&&&&&&&&&&&&&&

## KCL

കേരള ക്രിക്കറ്റ് ലീഗ് ആദ്യ സീസണിലെ ഫൈനൽ ഇന്ന്. കാലിക്കറ്റ് ഗ്ലോബ് സ്റ്റാർട്സും, ഏരീസ് കൊല്ലം സെയ്‌ലേഴ്സും ഫൈനലിൽ ഏറ്റുമുട്ടും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&

## WORLD BAMBOO DAY

ഇന്ന് ലോക മുള ദിനം. മനുഷ്യന്റെ നിത്യ ജീവിതവുമായി ഏറെ ബന്ധം മുളകൾക്കുണ്ട്. പ്രകൃതി സൗഹാർദ്ദപരമായ നിരവധി ഉല്പന്നങ്ങൾക്കുപുറമെ പ്രകൃതി സംരക്ഷിക്കുന്നതിനും മുള പ്രധാന പങ്കാണ് വഹിക്കുന്നത്. ഈ പ്രാധാന്യം കണക്കിലെടുത്താണ് ലോക മുള ദിനം ആചരിക്കുന്നത്.

&&&&&&&&&&&&&&&&&

### EK PED MAA KE NAAM&B - EK PED MAA KE NAAM

ലോക പരിസ്ഥിതി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച ഏക് പേട് മാ കെ നാം ക്യാമ്പയിനിന്റെ ഭാഗമായി കേന്ദ്രവാർത്താ വിനിമയ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഇതുവരെ ഏഴായിരത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. രാജ്യത്തുടനീളമുള്ള നഗര, ഗ്രാമ പ്രദേശങ്ങളിൽ മന്ത്രാലയത്തിന്റെ ഫീൽഡ് ഓഫീസുകൾ മുഖേനയാണ് ക്യാമ്പയിൻ പുരോഗമിക്കുന്നത്. പ്രകൃതി സംരക്ഷണം ലക്ഷ്യമിട്ട് ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം മുതൽ പ്രചാരണപരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇന്നലെ ആരംഭിച്ച സ്വച്ഛതാ ഹി സേവ ക്യാമ്പയിനോട് അനുബന്ധിച്ച് വൃക്ഷത്തൈ നടീൽ യജ്ഞം കൂടുതൽ വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുകയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## MUSTERING - RATION

സംസ്ഥാനത്തെ മുൻഗണനാ റേഷൻകാർഡുകാർക്കുള്ള മസ്റ്ററിങ് പുനരാരംഭിച്ചു. മഞ്ഞ, പിങ്ക് കാർഡ് ഉടമകളും അംഗങ്ങളുമാണ് റേഷൻകടകളിലെത്തി മസ്റ്ററിങ് നടത്തേണ്ടത്. ഈമാസം 24 വരെ തിരുവനന്തപുരം

ജില്ലക്കാർക്കാണ് മസ്റ്ററിങ്. 25 മുതൽ ഒക്ടോബർ ഒന്നുവരെ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ മസ്റ്ററിങ് നടക്കും. അടുത്തമാസം മൂന്നുമുതൽ എട്ടുവരെ പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർകോട് ജില്ലകളിൽ മസ്റ്ററിങ് നടക്കും.

&&&&&&&&&&&&&&&&&

## BANGLADESH: ARMY EXECUTIVE MAGISTRACY POWER

ബംഗ്ലാദേശ് സേനയിലെ കമ്മീഷൻ ചെയ്ത ഉദ്യോഗസ്ഥർക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിൻറെ അധികാരം നൽകി, മുഹമ്മദ് യൂനസിൻറെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ വിജ്ഞാപനമിറക്കി. ജില്ലാ മജിസ്ട്രേറ്റുമാരുടെ മേൽനോട്ടത്തിലായിരിക്കും , എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർ പ്രവർത്തിക്കുക. ബംഗ്ലാദേശിൽ ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിനായി അടുത്ത 60 ദിവസത്തേക്കാണ് പരിഷ്കാരം.

0&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&